K21P 4142

Reg. No.: ...............................

Name : ...................................

# I Semester M.A. Degree (C.B.S.S. – Reg./Supple./Imp.) Examination, October 2021
## (2018 Admission Onwards)
## MALAYALAM LANGUAGE AND LITERATURE
## MAL 1C03 : Short Story Literature

Time : 3 Hours　　　　　　　　　　　　　　　　Max. Marks : 80

I. **ഈരണ്ടു** പുറത്തിൽ കവിയാതെ **എല്ലാ** ചോദ്യത്തിനും ഉത്തരമെഴുതുക.

1) ആദ്യകാല മലയാള ചെറുകഥകളുടെ പൊതുസവിശേഷതകൾ എന്തെല്ലാം ?

2) ''സ്വാശ്രയത്വത്തിൽ കെട്ടിപ്പടുത്ത സുരക്ഷിതത്വമാണ് പെൺകുട്ടികൾക്കേറ്റവും ഉത്തമമെന്നവർ തീർച്ചപ്പെടുത്തി'' – സന്ദർഭമെന്ത് ?

3) തുച്ഛമായ സ്വാർത്ഥതകളിൽ മാത്രം മനസ്സ് രമിക്കുന്ന സമൂഹത്തിന്റെ പ്രാതിനിധ്യമാണ് ഗോപാലൻകുട്ടി എന്ന അദ്ധ്യാപകൻ – ശരിയോ ? സ്വമതം നിരൂപിക്കുക.

4) സക്കറിയയുടെ കഥകളുടെ പ്രത്യേകതകൾ എന്തെല്ലാം ?

5) ''അതോർത്തപ്പോൾ അവൾക്ക് ആദ്യം കണ്ണീരുവന്നു. പിന്നെ ആ തിരിച്ചറിയായ്മയിൽ ആശ്വാസവും'' – വിശദമാക്കുക. **(5×4=20)**

II. **നന്നാലു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

6) a) ''ചിലച്ചതു മതി. നിങ്ങളും വന്നതും ഇതിന്നു തന്നെയല്ലേ ?'' ഭാര്യ ഭർത്താവിനോട് ഇപ്രകാരം പറയാനുള്ള കാരണമെന്തായിരുന്നു ?

**അല്ലെങ്കിൽ**

b) ആധുനിക മലയാള ചെറുകഥകളെയും ആദ്യകാല മലയാള ചെറുകഥകളെയും പരസ്പരം ബന്ധിപ്പിക്കുന്ന കണ്ണികളിലൊരാളാണ് ഇ. വി. കൃഷ്ണ പിള്ള – സമർത്ഥിക്കുക.

7) a) തഹസിൽദാരുടെ അച്ഛൻ അനുഭവിക്കുന്ന മനോവ്യഥകളുടെ സാംസ്കാരിക പശ്ചാത്തലം നിരൂപിക്കുക.

**അല്ലെങ്കിൽ**

b) ''പലഹാരത്തിനോടു ചോദിച്ചാണോ പലഹാരം തിന്നുക പതിവ്, എന്നല്ലേ നമ്മുടെ സ്ഥിതി'' – ധ്വന്യാർത്ഥമെന്ത് ?

P.T.O.



8) a) പാശ്ചാത്യ സംസ്കാരത്തോടുള്ള അടിമത്ത മനോഭാവമാണ് 'ഹാരിസൺ സായ്പിന്റെ നായ' എന്ന കഥ മുന്നോട്ടു വയ്ക്കുന്ന ആശയതലം – ചർച്ച ചെയ്യുക.

**അല്ലെങ്കിൽ**

b) ''അവളുടെ രൂപം വാതിലിന്റെ തിരശ്ശീലക്കു പിന്നിൽ മറഞ്ഞപ്പോൾ അയാൾ താഴ്ന്ന സ്വരത്തിൽ പറഞ്ഞു : അവർ ഒരു കവയത്രിയാണ് '' – സന്ദർഭവും സാരസ്യവും വിശദമാക്കുക.

9) a) ആധുനിക മനുഷ്യർക്കു സംഭവിച്ച ധാർമ്മിക അധ:പതനത്തെ ചിത്രീകരിക്കുന്ന കഥയാണ് ഇരിക്കപിണ്ഡം – പരിശോധിക്കുക.

**അല്ലെങ്കിൽ**

b) ''ജീവിതത്തിൽ ആദ്യമായി ചരിത്രം എന്നെ ശാരീരികമായി ബാധിച്ചു'' – വിവക്ഷയെന്ത് ?

10) a) ചരിത്രം, നിയമം തുടങ്ങിയവ 'പന്തിഭോജനം' എന്ന കഥയിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നത് കീഴാള വിരുദ്ധമായാണ്. ചർച്ച ചെയ്യുക.

**അല്ലെങ്കിൽ**

b) 'തന്തത്താഴ്' എന്ന കഥയുടെ സാമൂഹ്യപ്രസക്തി വിശകലനം ചെയ്യുക. **(5×6=30)**

III. **ഓരോന്നും ആറു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

11) a) മലയാള ചെറുകഥാ പ്രസ്ഥാനത്തിന്റെ പിറവിയെക്കുറിച്ച് ഉപന്യസിക്കുക.

**അല്ലെങ്കിൽ**

b) ''മലയാള ചെറുകഥയുടെ ഉത്ഭവവും വളർച്ചയും ആനുകാലികങ്ങളുടെ ചരിത്രവുമായി ബന്ധപ്പെട്ടു കിടക്കുന്നു''. പുനരാലോചിക്കുക.

12) a) സമുദായ പരിഷ്കരണത്തിന് ചെറുകഥ നല്കിയ സംഭാവനകൾ നവോത്ഥാനകാല കഥകളെ മുൻനിർത്തി വിലയിരുത്തുക.

**അല്ലെങ്കിൽ**

b) ആധുനികതയെ ഏറെ സ്വാധീനിച്ച രണ്ടു ചിന്തകളാണ് അസ്തിത്വവാദവും അന്വവത്കരണവും. വിശദീകരിക്കുക.

13) a) നവമാധ്യമങ്ങൾ ചെറുകഥയെ പ്രമേയപരമായി സ്വാധീനിക്കുന്നതെങ്ങനെ ?

**അല്ലെങ്കിൽ**

b) സമകാലീന കഥകളുടെ ഭാഷാപരമായ പ്രത്യേകതകൾ സോദാഹരണം പരിശോധിക്കുക. **(3×10=30)**

---